## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2230 — 08. 12. 2015 ൽ മറുപടിക്ക്

### ഊർജ്ജ സംരക്ഷണത്തിനായുള്ള പദ്ധതികൾ

ചോദ്യം
ശ്രീമതി.കെ.കെ.ലതിക

ഉത്തരം
ശ്രീ ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജസംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി എനർജി മാനേജ്മെന്റ് സെന്റർ ആവിഷ്കരിച്ച പദ്ധതികളും ഓരോന്നിനും ചെലവായ തുകയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>കെ.എസ്.ഇ.ബി ലിമിറ്റഡിൽ 2013 ൽ ലാഭപ്രഭ സീസൺ-1 പദ്ധതിയ്ക്കായി മൊത്തം 8 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 6 കോടി രൂപ പ്രചാരണത്തിനും 2 കോടി രൂപ സമ്മാനം നൽകുന്നതിനും വേണ്ടിയാണ് നീക്കിവെച്ചത്. പ്രചാരണത്തിനായി മൊത്തം 6 കോടി ഉണ്ടായിരുന്നെങ്കിലും 3.5 കോടി രൂപ പ്രചാരണ ചെലവും 60 ലക്ഷം രൂപ സമ്മാനം നൽകുന്നതിനും വേണ്ടി ചെലവായി. 2014 ലെ ലാഭപ്രഭ സീസൺ-2-ലേയ്ക്കായി മൊത്തം 12.5 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതിൽ 2 കോടി രൂപ പ്രചാരണത്തിനുവേണ്ടി ചെലവായി. സമ്മാന വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>കെ.എസ്.ഇ.ബി ലിമിറ്റഡിന് 2014-15 സാമ്പത്തിക വർഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയായ 1.95 കോടി രൂപക്ക് ആവിഷ്കരിച്ച പദ്ധതികളും ഓരോന്നിനും ചെലവായ തുകയും അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**ഊർജ്ജ സംരക്ഷണത്തിനായി എനർജി മാനേജ്മെന്റ് സെന്റർ ആവിഷ്കരിച്ച പദ്ധതികളും ഓരോന്നിനും ചെലവായ തുകയും**

| പദ്ധതികൾ | ചെലവായ തുക | | | |
|---|---|---|---|---|
| | 2011- 12(രൂപ ലക്ഷത്തിൽ) | 2012-13 (രൂപ ലക്ഷത്തിൽ) | 2013-14 (രൂപ ലക്ഷത്തിൽ) | 2014-15 (രൂപ ലക്ഷത്തിൽ) |
| ഊർജ്ജ സംരക്ഷണ അവാർഡ് | 20 | 10 | 18 | 20 |
| ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ | | 55 | 75 | 105 |
| എൽ.ഇ.ഡി. വിളക്കുകൾ | 475 | | | |
| എനർജി ഇൻഫർമേഷൻ ബ്യൂറോ | 25 | | | |
| ചെറുകിട ഇടത്തരം വ്യവസായങ്ങൾ - ഊർജ്ജ കാര്യക്ഷമതാ പഠനം | 62 | | | |
| പൊതുമേഖലാ സ്ഥാപനങ്ങൾ ഊർജ്ജ ഓഡിറ്റും ഓഡിറ്റ് റിപ്പോർട്ട് നടപ്പാക്കലും | 250 | | | |
| പൊതുജന വായന ശാലകളുമായി ചേർന്ന് പരിപാടി | 45 | | | |
| എനർജി സ്മാർട്ട് സ്കൂൾ പരിപാടി | 45 | | | |
| പൊതുജന ബോധവത്ക്കരണ പരിപാടി | 40 | | | |
| തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരിപാടി | 15 | | | |
| ഊർജ്ജ സംരക്ഷണ ഫണ്ട് മുഖേനയുള്ള പ്രവർത്തനങ്ങൾ | | | | 36 |
| ആകെ തുക | 977 | 65 | 93 | 161. |

സെക്ഷൻ ഓഫീസർ

അനുബന്ധം - II
ച.ഉ. ഒ്റ.No. 2230

- തെറ്റാട്

## പൂർത്തീകരിച്ച പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | പദ്ധതി വിവരണം | പദ്ധതി പൂർത്തീകരിച്ച വിവരങ്ങൾ |
|---|---|---|---|
| 1 | എച്ച്.വി.ഡി.എസ് പൈലറ്റ് പദ്ധതി<br>അനുവദിച്ച തുക – 30 ലക്ഷം | 11 കെ.വി നിലവാരത്തിലുള്ള വൈദ്യുതി വിതരണം – പേയാട് നെടുമങ്ങാട് ഡിവിഷനു കീഴിൽ | കുറഞ്ഞ വോൾട്ടേജിലുള്ള വൈദ്യുത വിതരണത്തിലുള്ള ഊർജ്ജ നഷ്ടം, അപകടങ്ങൾ, വൈദ്യുത തടസ്സം, പരിപാലന ചെലവ് എന്നിവയിലെ കുറവ്<br>ഇതുവരെ ചിലവായ തുക – 29,67,812/- |
| 2 | സർക്കാർ ആശുപത്രികളിലെ ലൈറ്റുകൾ, ഫാനുകൾ എന്നിവ ഊർജ്ജക്ഷമമാക്കുന്ന പദ്ധതി<br>അനുവദിച്ച തുക – 15 ലക്ഷം | അടൂർ, പുനലൂർ, നിലമ്പൂർ, തിരൂർ, പാലക്കാട് എന്നിവിടങ്ങളിലെ ലൈറ്റുകൾ എൽ.ഇ.ഡി ലേയ്ക്കും മാറ്റുകയും ഊർജ്ജക്ഷമത കൂടിയ ഫാനുകൾ എന്നിവ സ്ഥാപിക്കുന്ന പദ്ധതി | 0.15 എം.യു കണക്കിലുള്ള വൈദ്യുതലാഭം പ്രതിവർഷം പ്രതീക്ഷിക്കുന്നു. പദ്ധതി മുഴുവനായും നവമ്പർ 2015 ൽ പൂർത്തീകരിക്കാവുന്നതാണ്.<br>ഇതുവരെ ചിലവായ തുക – 14,37,200/- |
| 3 | വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണം<br>അനുവദിച്ച തുക – 90 ലക്ഷം | കേരളത്തിലാകമാനമുള്ള 140 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ നവീകരിച്ചു. | ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ പാഴായി പോകുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കാനായി.<br>ഇതുവരെ ചിലവായ തുക – 90 ലക്ഷം |
| 4 | പെട്ടി-പറ പമ്പിംഗ് സമ്പ്രദായത്തിന്റെ നവീകരണം<br>അനുവദിച്ച തുക – 30 ലക്ഷം | ചങ്ങനാശ്ശേരി, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത 10 പാടശേഖരങ്ങളിലെ നിലവിലുള്ള പെട്ടി-പറ പമ്പുകൾ മാറ്റി സബ്മേഴ്സിബിൾ പമ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി | പദ്ധതി പൂർത്തീകരിച്ചു<br>ഇതുവരെ ചിലവായ തുക – 27,97,509/- |
| 5 | എനർജി ഓഡിറ്റിംഗിന് വേണ്ട ഉപകരണങ്ങൾ വാങ്ങുക<br>അനുവദിച്ച തുക – 30 ലക്ഷം | പവർ ക്വാളിറ്റി അനലൈസർ ലക്സ് മീറ്റർ അനിമോ മീറ്റർ, തെർമൽ ഇമേജറുകൾ എന്നിവ | പദ്ധതി പൂർത്തീയായി<br>ഇതുവരെ ചിലവായ തുക – 27.5 ലക്ഷം |

സെക്ഷൻ ഓഫീസർ